LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: ഉണ്ട്. നിവേദനങ്ങളും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ട്.

ശ്രീ. എം. എം. തോമസ്: ഈ കാർഷിക കോളേജ് തൊടുപുഴയിൽ സ്ഥാപിക്കാൻ സാദ്ധ്യതയുണ്ടോ എന്നന്വേഷിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. ടി. വി. തോമസ്: അതിനെ സംബന്ധിച്ച് നിവേദനം നടത്തുകയാണെങ്കിൽ അതും ചെയ്യാം.

ശ്രീ. ഇ. ടി. കുഞ്ഞൻ: പുതുതായി രൂപംകൊണ്ട മലപ്പുറം ജില്ലയിൽ കാർഷിക ഗവേഷണകേന്ദ്രം തുറക്കുക എന്നുള്ളതു് ആ ജില്ലയുടെ ഡെവലപ്പ്മെന്റ് എന്നുള്ള നിലയ്ക്കും കൃഷിയുടെ അഭിവൃദ്ധിക്കു് ഉപകാരപ്രദമാണു് എന്ന നിലയ്ക്കും മലപ്പുറം ജില്ലയിൽ സ്ഥാപിക്കാൻ ശ്രമിക്കുമോ?

ശ്രീ. ടി. വി. തോമസ്: ഇവിടെ ഉന്നയിക്കുന്ന എല്ലാ കാര്യങ്ങളും പരിഗണിക്കും.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രിയുടെ അനാസ്ഥകൊണ്ടാണു് കേരളത്തിനു ലഭിക്കുമായിരുന്ന ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ട് കിട്ടാതെപോയതെന്നും കാർഷികസർവ്വകലാശാല അന്വേഷണോദ്യോഗസ്ഥനായ ശ്രീ. സി. കെ. എൻ. നായർ പ്രസ്താവിച്ചിട്ടുള്ളതു ശരിയാണോ?

ശ്രീ. ടി. വി. തോമസ്: ഒരു ഡിസ്ക്രെഡിറ്റഡ് ഉദ്യോഗസ്ഥൻ ചെയ്ത ഈ പ്രസ്താവന വളരെ ഗൗരവമായിട്ടെടുക്കുന്ന അംഗങ്ങളോടു് എനിക്കു സിംപതിയുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ്: ഈ ഉദ്യോഗസ്ഥൻ എന്നാണു് ഡിസ്ക്രെഡിറ്റഡ് ആയതു്?

ശ്രീ. ടി. വി. തോമസ്: ആ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിനെപ്പറ്റിയല്ല ഞാൻ പറഞ്ഞതു്. റിപ്പോർട്ട് സമർപ്പിച്ചതിനുശേഷമുള്ള പ്രസ്താവനയെയാണു് ഞാൻ സൂചിപ്പിച്ചതു്.

ശ്രീ. പി. കുഞ്ഞൻ: കാർഷികസർവ്വകലാശാല സ്ഥാപിക്കുന്നതിനു് എത്ര ഏക്കർ ഭൂമി വേണ്ടിവരും? കൂടുതൽ സ്ഥലം വേണ്ടിവരുമെങ്കിൽ തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ സ്ഥാപിക്കുന്നകാര്യം ആലോചിക്കുമോ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. സി. കണ്ണൻ: കാർഷികസർവ്വകലാശാല സോവിയറ്റു സഹായത്തോടുകൂടി സ്ഥാപിക്കുന്നതായിരിക്കുകയല്ലേ നല്ലതു്; അതായിരിക്കുകയല്ലേ കൂടുതൽ ഉചിതം?

ശ്രീ. ടി. വി. തോമസ്: എല്ലാ നിവേദനങ്ങളും കിട്ടിയതിനുശേഷം ഇതേപ്പറ്റി ഗൗരവമായി ആലോചിക്കുന്നതാണെന്നു് നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ജോസഫ് ചാഴിക്കാടൻ: കാർഷികസർവ്വകലാശാല സ്ഥാപിക്കാൻ എന്റെ നിയോജകമണ്ഡലത്തിൽ നല്ല സൗകര്യമുണ്ട്. അവിടെ സ്ഥലം കൊടുക്കാൻ ഞാൻ ഉത്സാഹിക്കുകയും ചെയ്യാം. അതുകൊണ്ടു് കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഈ കാർഷികസർവ്വകലാശാല സ്ഥാപിക്കുന്നകാര്യം ആലോചിക്കുമോ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. എൻ. കെ. ശേഷൻ: കാർഷികസർവ്വകലാശാല സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള റിപ്പോർട്ടിൽ മറ്റേതെങ്കിലും പരാമർശമോ പരിശോധനയോ നടത്തിയിട്ടുണ്ടോ എന്നു പറയാൻ കഴിയുമോ?

ശ്രീ. ടി. വി. തോമസ്: ഈ റിപ്പോർട്ട് വേദപുസ്തകംപോലെയാണ്. ആക്ക വേണമെങ്കിലും ഉദ്ധരിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, എന്റെ ചോദ്യത്തിന് ഉത്തരം കിട്ടിയില്ല.

മി. സ്പീക്കർ: എല്ലാസ്ഥലത്തും കാർഷികസർവ്വകലാശാല സ്ഥാപിക്കണമെന്ന നിവേദനം ഉണ്ടായിട്ടുണ്ട്. എല്ലാം പരിഗണിക്കാമെന്നും പറഞ്ഞുകഴിഞ്ഞു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: തൃശ്ശൂരിലെ കാര്യം പരിഗണിക്കാം, നിവേദനങ്ങൾ തന്നാൽ നോക്കാം എന്നൊക്കെ പറഞ്ഞു. ഞാനാണെങ്കിൽ സ്ഥലം തരാമെന്നു പറഞ്ഞിട്ടുപോലും ബഹുമാനപ്പെട്ട മന്ത്രി .....

ശ്രീ. ടി. വി. തോമസ്: അതും പരിഗണിക്കാം.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: ഇത്ര പ്രാധാന്യമുള്ള ഈ റിപ്പോർട്ട് മെമ്പർമാർക്ക് ലഭിക്കുന്നതിനുവേണ്ടി നിയമസഭയുടെ മേശപ്പുറത്തു വയ്ക്കുമോ ?

ശ്രീ. ടി. വി. തോമസ്: വിതരണം ചെയ്യാം.

സൈനിക സർവ്വീസുള്ള സർക്കാർ ജീവനക്കാർ

2. [2] ശ്രീ. പി. കെ. കുഞ്ഞച്ചൻ.
,, എം. കെ. ജോർജ്ജ്
,, എ. പി. കുര്യൻ
,, എസ്സ്. ദാമോദരൻ
,, ടി. കെ. രാമകൃഷ്ണൻ
,, പാലൊളി മുഹമ്മദ്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1–4–1946–നുശേഷം സൈനിക സർവ്വീസുള്ള സർക്കാർ ജീവനക്കാർ എത്രപേരുണ്ട്;

(ബി) സൈനിക സർവ്വീസ് സിവിൽ പെൻഷൻ ഉള്ളവരുടെ കാര്യത്തിൽ കണക്കാക്കുന്നില്ലെന്നുള്ളത് ശരിയാണോ;

(സി) സൈനിക സർവ്വീസ് പരിഗണിക്കുമെങ്കിൽ 1-4-1946-നു ശേഷമുള്ള സൈനിക സർവ്വീസിന്റെ പെൻഷനറി ചെലവ് പ്രതിരോധവകുപ്പ് വഹിക്കാമെന്ന് 1–4–1964–ലെ ഇ. 3 (71) ഇ. ആർ. (എ) 163 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെന്നുള്ളത് ശരിയാണോ;

(ഡി) ശരിയാണെങ്കിൽ ആ സഹായംവാങ്ങി ഈ വിഭാഗക്കാർക്ക് വേണ്ട ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്):

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഗവണ്മെന്റിന്റെ 24–7–1969–ലെ പി. 214 ഉത്തരവു അനുസരിച്ച് 1–4–1946–നു ശേഷമുള്ള സൈനിക സർവ്വീസ് ചില നിബന്ധനകൾക്ക് വിധേയമായി സിവിൽ പെൻഷന് കണക്കാക്കുന്നതാണ്.

(സി) പ്രസ്തുത നമ്പരും തീയതിയുമുള്ള ഉത്തരവ് കിട്ടിയിട്ടില്ല. പക്ഷേ പ്രതിരോധവകുപ്പിന്റെ 28–3–1964–ലെ 9 (1) /64/3453 (പെൻഷൻ/സർവ്വീസസ്സ്) ഉത്തരവ് സൈനിക സർവ്വീസുള്ളവരുടെ പെൻഷനറി ചെലവിന്റെ വിഹിതം ആ വകുപ്പ് വഹിക്കാമെന്നു വ്യക്തമാക്കിയിട്ടുണ്ട്. ഇതിൻപ്രകാരമാണ് (ബി) ചോദ്യത്തിനുള്ള ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന ഉത്തരവു നിലവിൽവന്നത്.

(ഡി) 'സി' ചോദ്യത്തിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ഉപചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly